നെയ്യാറിൻകര താലൂക്ക് ഹെഡ്കോർട്ടേഴ്സ് ആശുപത്രി

475 [856] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര താലൂക്ക് ഹെഡ്കോർട്ടേഴ്സ് ആശുപത്രിയിൽ ലാപ്രോസ്കോപിക് ട്രെയിനിംഗ് കഴിഞ്ഞ ഡോക്ടറും ആ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആശുപത്രി മന്ദിരവുമുള്ള സാഹചര്യത്തിൽ ആവശ്യമുള്ള ഉപകരണങ്ങളും അടിയന്തിരമായി സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(ബി) എന്താണ് പൂർത്തിയായി കിടക്കുന്ന കെട്ടിടം പരിപൂർണ്ണമായി പൂർത്തിയാക്കി പ്രവർത്തനം തുടങ്ങുന്നതിനു സമയ ബന്ധിത പരിപാടിവച്ച് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നെയ്യാറിൻകര ആശുപത്രിയിലെ ഡോക്ടറെ ലാപ്രോസ്കോപ്പിക് ട്രെയിനിംഗിനയച്ചിരിക്കുകയാണ്. പ്രസ്തുത ഡോക്ടർ പരിശീലനത്തിനുശേഷം തിരിച്ചു വന്നയുടനെതന്നെ ആവശ്യമായ ഉപകരണങ്ങളും നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടത്തിന്റെ പണി പൂർത്തിയായിരിക്കുകയാണ്.

ഏലപ്പാറ ഗവൺമെന്റ് റൂറൽ ഡിസ്പെൻസറി കെട്ടിടം

476 [861] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് താലൂക്കിലെ ഏലപ്പാറ ഗവൺമെന്റ് ഡിസ്പെൻസറിക്ക് പഞ്ചായത്ത് നൽകിയ സ്ഥലത്ത് ഇൻഡ്യാ പോപ്പുലേഷൻ-3 സ്കീമിന്റെ ഫണ്ടിൽനിന്നും കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതുതായി ഡിസ്പെൻസറികളും തുറക്കുന്നതിന് ആവശ്യമായ കെട്ടിടം പണിയുന്നതിനുള്ള പരിപാടി ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ടിൽ ഉദ്ദേശിച്ചിട്ടില്ല. നിലവിലുള്ള ഡിസ്പെൻസറികളിൽ സബ്സിഡിയറി ഹെൽത്ത് സെന്ററായി ഉയർത്തുന്നവയ്ക്ക് മാത്രമേ ഐ.പി.പി. ഫണ്ടിൽനിന്നും ചിലവാക്കി കെട്ടിടം പണിയാൻ അനുവാദമുള്ളൂ. ഏലപ്പാറ ഗവൺമെന്റ് ഡിസ്പെൻസറി ഈ വിഭാഗത്തിൽപ്പെടുന്നതല്ലാത്തതിനാൽ ഇൻഡ്യാ പോപ്പുലേഷൻ പ്രോജക്ട് ഫണ്ടിൽ നിന്നും കെട്ടിടം പണിയുന്നതിന് പരിപാടിയില്ല.

മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലെ എക്സ്-റേ പ്ലാന്റ്

477 [863] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85 സാമ്പത്തിക വർഷത്തിൽ മണ്ണാർക്കാട് താലൂക്ക് ആശുപത്രിയിലെ എക്സ്-റേ പ്ലാന്റ് എത്ര ദിവസം പ്രവർത്തിച്ചു?

LIBRARY ARCHIVES Kerala Legislative Assembly